# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2584** **10/12/2014-ൽ മറുപടിക്ക്**

## സുകൃതം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സൗജന്യ അർബുദരോഗ ചികിത്സാ പദ്ധതിയായ സുകൃതം പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; | (എ) | 2014 നവംബർ 1 മുതൽ |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളിലെ രോഗികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; | (ബി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യ ഘട്ടത്തിൽ സുകൃതം പദ്ധതി നടപ്പിലാക്കിയത്. |
| (സി) | പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (സി) | സ.ഉ. (ആർ.റ്റി.) 3530/2014/ആ.കു.വ. തീയതി 29/10/2014 പ്രകാരം സുകൃതം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.പി.എൽ. ആർ.എസ്.ബി.വൈ., CHIS കാർഡ് ഉടമകൾക്കായിരിക്കും ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുക. തിരഞ്ഞെടുത്ത ആശുപത്രികളിൽ സുകൃതം കൗണ്ടറുകൾ ആരംഭിക്കുന്നതിനും കോ-ഓർഡിനേറ്റർമാരെ താത്കാലികമായി നിയമിക്കുന്നതിനും രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഫോർമാറ്റ് തയ്യാറാക്കുന്നതിനും കോർപ്പസ് |

| | | | |
|---|---|---|---|
| | | | ഫണ്ട് സ്വരൂപിക്കുന്നതിനും അത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | ബി.പി.എൽ. വിഭാഗത്തിനു മാത്രമായി പദ്ധതി പരിമിതപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | ആദ്യ ഘട്ടങ്ങളിൽ ബി.പി.എൽ. വിഭാഗങ്ങളിൽപെട്ട ജനങ്ങൾക്കാണ് ഇത് മൂലം പ്രയോജനം ലഭിക്കുക. |
| (ഇ) | സുകൃതം പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് സ്വരൂപിക്കുന്നതെങ്ങനെ യാണ്; | (ഇ) | സിഗരറ്റ് ടാക്സിന്റെ അധിക വരുമാനം, ബിവറേജസ് കോർപ്പറേഷന്റെ ടാക്സിന്റെ ഒരു ശതമാനം, സംഭാവനകൾ എന്നിവ സ്വരൂപിച്ചാണ് ഇതിനായുള്ള ഫണ്ട് സമാഹരിക്കുന്നത്. RSBY, CHIS, CHIS Plus, താലോലം, RBSK ആരോഗ്യ കിരണം തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച ശേഷമാകും സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുന്നത്. |
| (എഫ്) | ഇതിനോടകം എത്ര പേർക്ക് ധനസഹായം നല്കുകയുണ്ടായി; | (എഫ്) | ഇതുവരെയുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ജി) | ഇതിനോടകം എത്ര തുക സ്വരൂപിക്കുകയുണ്ടായി; എത്ര തുക ധനസഹായം നൽകുകയുണ്ടായി; ഒരു രോഗിക്ക് പരമാവധി എത്ര തുകയാണ് ധനസഹായമായി നൽകുന്നത്? | (ജി) | സുകൃതം പദ്ധതിക്കായി ആർ.സി.സി.യ്ക്ക് 12 കോടി രൂപ, മലബാർ കാൻസർ സെന്ററിന് 5 കോടി രൂപ, അഞ്ച് മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപ വീതം, എറണാകുളം ജനറൽ ആശുപത്രിക്ക് 3 കോടി രൂപ എന്നിങ്ങനെ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. പരമാവധി മൂന്ന് ലക്ഷം രൂപയാണ് ഒരു രോഗിക്ക് ലഭിക്കുന്നത്. മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം ആവശ്യമാണെങ്കിൽ കേരള കാൻസർ കെയർ സൊസൈറ്റിയുടെ അംഗീകാരം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ